പതിനാലാം കേരളനിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1254 18/01/2021 ലെ മറുപടി

**സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.വി.അബ്ദുൾ ഖാദർ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) 2016 വിദ്യാഭ്യാസവർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് , അൺ എയ്ഡഡ് വിദ്യാലയങ്ങളിലെവിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന് പ്രത്യേകം വ്യക്തമാക്കുമോ;

(എ) 2016-17 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 2016-17 | 1125682 | 2164129 | 413009 | 3702820 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്രവീതമാണെന്നും എത്ര വർദ്ധനയുണ്ടായെന്നുംവെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര വീതമാണെന്നും എത്ര വർദ്ധനയുണ്ടായെന്നും ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാർവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം | സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ ഉണ്ടായിരുന്ന കുട്ടികൾക്ക് പുറമെ പുതുതായി ചേർന്നകുട്ടികളുടെ എണ്ണം |
|---|---|---|
| 2016-17 | 1125652 | 28860 |
| 2017-18 | 1126712 | 59852 |
| 2018-19 | 1145973 | 71360 |
| 2019-20 | 1168586 | 65215 |

(സി) നിലവിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ,അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾ ഉണ്ടെന്ന്

(സി) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം നാളിതുവരെ വിദ്യാലയങ്ങളിൽ അദ്ധ്യയനംആരംഭിച്ചിട്ടില്ലാത്തതിനാൽ,

അറിയിക്കാമോ?

6-ാം പ്രവൃത്തിദിനം അടിസ്ഥാനമായിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ സ്ഥിരീകരണം ഉണ്ടായിട്ടില്ല. എന്നാൽ 2019-20 അദ്ധ്യയന വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ഉള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 2019-20 | 1168586 | 2158452 | 389859 | 3716897 |

**സെക്ഷൻ ഓഫീസർ**